# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

ECHO OF HIS CALL REACHING NATIONS SINCE 1969

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII YEAR OF OUR LORD JESUS CHRIST, 2025 NOVEMBER No. 01


### വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 96:7-13**

07. ജാതികളുടെ കുലങ്ങളേ, യഹോവെക്കു കൊടുപ്പിൻ; മഹത്വവും ബലവും യഹോവെക്കു കൊടുപ്പിൻ.

08. യഹോവെക്കു അവന്റെ നാമത്തിന്നു തക്കമഹത്വം കൊടുപ്പിൻ; തിരുമുൽകാഴ്ചയുമായി അവന്റെ പ്രാകാരങ്ങളിൽ ചെല്ലുവിൻ.

09. വിശുദ്ധ വസ്ത്രാലങ്കാരത്തോടെ യഹോവയെ നമസ്കരിപ്പിൻ; സകല ഭൂവാസികളുമായുള്ളോരേ, അവന്റെ മുമ്പിൽ നടുങ്ങുവിൻ.

10. യഹോവ വാഴുന്നു എന്നു ജാതികളുടെ ഇടയിൽ പറവിൻ; ഭൂലോകവും ഇളകാതെ ഉറെച്ചുനില്ക്കുന്നു; അവൻ ജാതികളെ നേരോടെ വിധിക്കും.

11. ആകാശം സന്തോഷിക്കയും ഭൂമി ആനന്ദിക്കയും സമുദ്രവും അതിന്റെ നിറവും മുഴങ്ങുകയും ചെയ്യട്ടെ.

12. വയലും അതിലുള്ളതൊക്കെയും ആഹ്ളാദിക്കട്ടെ; അപ്പോൾ കാട്ടിലെ സകല വൃക്ഷങ്ങളും ഉല്ലസിച്ചുഘോഷിക്കും.

13. യഹോവയുടെ സന്നിധിയിൽ തന്നേ; അവൻ വരുന്നുവല്ലോ; അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; അവൻ ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടുംകൂടെ വിധിക്കും.

## നിങ്ങൾ ഉണർന്നിരിക്കുകയാണോ അതോ ഉറങ്ങുകയാണോ?

### ARE YOU AWAKE OR ASLEEP?

*സിസ്റ്റർ ഏഞ്ചൽ*



സ്വർഗ്ഗീയവും ആത്മീയവുമായ എല്ലാ അനുഗ്രഹങ്ങളും നൽകി പോഷിപ്പിക്കുന്ന ഉയിർത്തെഴുന്നേറ്റ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആശംസകൾ. വിളിയുടെ പ്രതിധ്വനി മാസികാ കുടുംബത്തിലൂടെ തമ്മിൽ ബന്ധപ്പെടുന്നത് എപ്പോഴും സന്തോഷകരമാണ്. നിങ്ങളുടെ ആത്മാവ് ക്രിസ്തുയേശുവിൽ അഭിവൃദ്ധി പ്രാപിക്കുന്നതുപോലെ, നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അഭിവൃദ്ധി ഉണ്ടാകട്ടെ എന്നാണ് എന്റെ പ്രാർത്ഥന.

നാം ഇപ്പോൾ 2025 ന്റെ അവസാനത്തോട് അടുക്കുകയാണ്. ഈ വർഷം എത്ര വേഗത്തിൽ കടന്നുപോയി! തിരിഞ്ഞുനോക്കുമ്പോൾ ചിന്തിക്കാൻ ഒരുപാട് കാര്യങ്ങളുണ്ട്. ഫലപ്രദവും അനുഗ്രഹീതവുമായ ഒരു വർഷം അനുഭവിച്ച എല്ലാവർക്കും ഞാൻ ദൈവത്തിന് നന്ദി പറയുന്നു. വെല്ലുവിളികൾ നേരിട്ടവർക്കായി ഞാൻ പ്രാർത്ഥിക്കുന്നു. ഇതുവരെ എത്തുവാൻ സ്ഥിരോത്സാഹം ഉണ്ടായിരുന്നുവല്ലോ. തീർച്ചയായും ദൈവം നമ്മുടെ ശക്തിയാണ്!

ഒരു കുടുംബം എന്ന നിലയിൽ ഞങ്ങൾക്ക് ഈ വർഷം വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. എന്റെ മാതാപിതാക്കൾക്ക് പ്രിയപ്പെട്ട മകനും ക്രിസ്തുവിന്റെ വിശ്വസ്ത ദാസനുമായ എന്റെ സഹോദരന്റെ വേദനാജനകമായ വേർപാട് ഞങ്ങൾ അനുഭവിച്ചു. എങ്കിലും ദൈവത്തിന്റെ കൃപ ഞങ്ങൾക്കു മതിയായിരുന്നു. ഈ ദുഷ്കരമായ സമയത്ത് ഞങ്ങളോടൊപ്പം നിന്നതിനും നിങ്ങളും പ്രാർത്ഥനകൾക്കും ഞാൻ അങ്ങേയറ്റം നന്ദിയുള്ളവളാണ്.

3-ാം പേജിൽ തുടരും...




**Echo of His Call**

*Christian YouTube Channel!*

An opportunity to pray with Pr. S. Sam Selva Raj!

Message & Prayer in 5 minutes!!

English, Hindi, Tamil & Telugu

Every day – From 2.00 A.M.

Tamil Sunday Service – 8.30 A.M.

★ Please Subscribe and Share ★

ECHO OF HIS CALL
REACHING NATIONS
SINCE 1969
1969 TO 2029

ECHO OF HIS CALL - (Marching towards 60th year)
Estd. 1969



## *from your dearly beloved brother...*



### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev.Dr. Angeline S. Kumari, M.A., M.Sc., M.Ed.
EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.
EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.org
YOUTUBE CHANNEL
Echo of His Call

### യഹോവയിൽ പ്രത്യാശയുള്ള ഏവരുമേ, ധൈര്യപ്പെട്ടിരിപ്പിൻ; നിങ്ങളുടെ ഹൃദയം ഉറെച്ചിരിക്കട്ടെ – സങ്കീർത്തനങ്ങൾ 31:24

ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,



നമ്മെ അനുഗ്രഹത്തിന്റെ പാതയിൽ നയിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിന് മഹത്വവും ബഹുമാനവും ഉണ്ടാകട്ടെ.

കഴിഞ്ഞ ഒരു മാസം പലവിധമായ വെല്ലുവിളികളെ ഞങ്ങൾ നേരിട്ടു. അച്ചടി യന്ത്രങ്ങളുടെ സാങ്കേതിക പ്രശ്നങ്ങൾ, സഹപ്രവർത്തകർക്കിടയിലെ ആരോഗ്യ പ്രശ്നങ്ങൾ, മറ്റു അടിയന്തിര ആവശ്യങ്ങൾ എന്നിവ മുഖാന്തിരം ചിലപ്പോഴൊക്കെ ഞങ്ങളുടെ ശുശ്രൂഷയെ മന്ദഗതിയിലാക്കുന്നതായി തോന്നി. എന്നാൽ, ദൈവം തന്റെ ശക്തമായ കരങ്ങളാൽ ഈ എല്ലാ പരീക്ഷണങ്ങളെയും തന്റെ മഹത്വത്തിനുള്ള സാക്ഷ്യമാക്കി മാറ്റി. ഇപ്പോൾ ഞങ്ങൾ ഈ ശുശ്രൂഷകൾ പുതിയ തീക്ഷ്ണതയോടെയും ഉത്സാഹത്തോടെയും തുടരുന്നു.

വിശ്വസ്തതയോടെ പ്രവർത്തിക്കുന്ന എല്ലാവരുടെ മേലും കർത്താവിന്റെ ദിവ്യശക്തി പ്രവർത്തിക്കുവാനായി നിങ്ങളുടെ തീക്ഷ്ണമായ പ്രാർത്ഥനകൾ ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന സഭാ ശുശ്രൂഷകന്മാർ, ഫീൽഡ് വർക്കർമാർ; പ്രസ്സ്, ഓഫീസ്, **നെഹെമ്യ ബൈബിൾ കോളേജ്, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ** എന്നിവിടങ്ങളിലെ ജീവനക്കാർ, അദ്ധ്യാപകർ എന്നിവർക്കായി പ്രാർത്ഥിക്കുവിൻ.

നിലവിൽ പ്രതിബദ്ധതയുള്ള ജീവനക്കാരുടെ കുറവ് ഞങ്ങൾ നേരിടുന്നു. ഇത് നിരവധി പ്രവർത്തനങ്ങളിലെ കാലതാമസത്തിനു കാരണമായി. ഉദാഹരണമായി, സീനിയർ പാസ്റ്ററുടെ ആത്മകഥയുടെ പൂർത്തീകരണം, റസിഡെൻഷ്യൽ നെഹെമ്യ ഹിന്ദി ബൈബിൾ കോളേജിന്റെ വളർച്ച, വിവിധ ഭരണപരമായ ഉത്തരവാദിത്തങ്ങൾ, മൊത്തത്തിലുള്ള സഭാവികസനം തുടങ്ങിയവ. വിരമിച്ച സർക്കാർ ഉദ്യോഗസ്ഥരും പ്രതിബദ്ധതയുള്ള മുഴുവൻ സമയ ശുശ്രൂഷകരും ഞങ്ങളുടെ ശുശ്രൂഷയുടെ ഭാരം പങ്കിടാൻ മുന്നോട്ടു വരാനായി നിങ്ങൾ പ്രാർത്ഥിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ദൈവവചനത്തിന്റെ അടിസ്ഥാന സത്യങ്ങളിൽനിന്ന് പല ശുശ്രൂഷകളും അകന്നുപോകുകയും ലൗകിക മാതൃകകളിലേക്കും വ്യവസ്ഥകളിലേക്കും ചായുകയും ചെയ്യുന്ന ഈ കാലത്ത്, കർത്താവ് നമ്മോടു കരുണ കാണിക്കുകയും, തന്റെ ആത്മാവിനെ പുതുതായി പകരുകയും, തന്റെ മഹത്വത്തിനായി ഒരുമിച്ച് സേവിക്കാൻ നമ്മെ ഒന്നിപ്പിക്കുകയും ചെയ്യട്ടെ. ശത്രുവിന്റെ ശക്തികേന്ദ്രങ്ങൾക്കെതിരെ പോരാടുന്ന എല്ലാ ശുശ്രൂഷകളെയും ശുശ്രൂഷകരെയും പ്രാർത്ഥനയിൽ പിന്തുണയ്ക്കാൻ ഞങ്ങൾ നിങ്ങളെ പ്രേരിപ്പിക്കുന്നു.

തീർച്ചയായും ദൈവം എപ്പോഴും നല്ലവനാണ് – ആമേൻ.

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*

*പാസ്റ്റർ. എസ്. സാം സെൽവരാജ്* ഇമെയിൽ : sam@echoofhiscall.org

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ▢ BIBLECOR - Postal Courses (3 languages) ▢ YouTube Ministry ▢ Online Courses ▢ Theological Correspondence Courses (2 languages) ▢ Church Planting ▢ Nehemiah Bible Colleges ▢ Gospel Printing Press ▢ Great Commission Partners ▢ St. Paul's Matriculation School ▢ Crusades ▢ Community Development

1-ാം പേജിന്റെ തുടർച്ച...

കഴിഞ്ഞ മാസം, ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി നമ്മുടെ ഹൃദയങ്ങളെ കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് നാം ചിന്തിച്ചു. "കാവൽ" എന്ന വാക്കിനെക്കുറിച്ച് ധ്യാനിച്ചപ്പോൾ, ദൈവം നമ്മെ ഓരോരുത്തരെയും അവൻ നമ്മെ ഏൽപ്പിച്ച കാര്യങ്ങളുടെ കാവൽക്കാരായി എങ്ങനെ വിളിച്ചിരിക്കുന്നുവെന്ന് എനിക്ക് ഓർമ്മ വന്നു. യെഹെസ്കേൽ 3:17 ൽ നാം ഇങ്ങനെ വായിക്കുന്നു: **മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽഗൃഹത്തിന്നു കാവൽക്കാരനാക്കിയിരിക്കുന്നു...** ദൈവം നമ്മെ നമ്മുടെ കുടുംബങ്ങളുടെയും, നമ്മുടെ ആലയങ്ങളുടെയും, നമ്മുടെ നഗരങ്ങളുടെയും, നമ്മുടെ ജനതകളുടെയും കാവൽക്കാരായി നിയമിച്ചിരിക്കുന്നു.



***ദൈവം നമ്മെ നമ്മുടെ കുടുംബങ്ങൾ, പള്ളി, നഗരം, രാജ്യം എന്നിവയുടെ കാവൽക്കാരാക്കി വച്ചിരിക്കുന്നു***

കാവൽക്കാരന് ഒരിക്കലും നിശബ്ദനായിരിക്കുവാൻ കഴിയുകയില്ല. തിരുവചനം ഇങ്ങനെ പറയുന്നു: **യെരൂശലേമേ, ഞാൻ നിന്റെ മതിലുകളിന്മേൽ കാവൽക്കാരെ ആക്കിയിരിക്കുന്നു; അവർ രാവോ പകലോ ഒരിക്കലും മിണ്ടാതെയിരിക്കയില്ല; യഹോവയെ ഓർപ്പിക്കുന്നവരേ, നിങ്ങൾ സ്വസ്ഥമായിരിക്കരുതു** (യെശയ്യാവു 62:6). യേശുക്രിസ്തു വേഗം വരുന്നു - നമുക്കു നിശബ്ദത പാലിക്കാൻ കഴിയുകയില്ല.

ഒരു വിശ്വസ്ത കാവൽക്കാരൻ ജാഗ്രതയുള്ളവനായിരിക്കണം. അപകടത്തിന്റെ നേരിയ സാദ്ധ്യതപോലും തിരിച്ചറിയാൻ കഴിയണം. ജാഗ്രത പാലിക്കാനും ആത്മീയമായി ഉണർന്നിരിക്കാനും മുന്നിലുള്ള പ്രശ്നങ്ങൾ കാണുമ്പോൾ മുന്നറിയിപ്പു നൽകാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. ജാഗ്രത പാലിക്കുവിൻ! വരാനിരിക്കുന്ന കാര്യങ്ങൾക്കായി നമുക്ക് വിശ്വസ്തതയോടെ മറ്റുള്ളവർക്ക് മുന്നറിയിപ്പ് നൽകുകയും ഒരുക്കുകയും ചെയ്യാം.

**ആരെങ്കിലും കാഹളനാദം കേട്ടു കരുതിക്കൊള്ളാതെ ഇരുന്നാൽ വാൾ വന്നു അവനെ ഛേദിച്ചുകളയുന്നു എങ്കിൽ അവന്റെ രക്തം അവന്റെ തലമേൽ തന്നെ ഇരിക്കും** എന്നു യെഹെസ്കേൽ 33:4ൽ മുന്നറിയിപ്പു നൽകുന്നു. **കാവൽ ഉറപ്പിപ്പിൻ; കാവൽക്കാരെ നിർത്തുവിൻ** എന്ന് യിരെമ്യാവ് 51:12 നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ഈ ഉത്തരവാദിത്തം മറ്റുള്ളവർക്കു മുന്നറിയിപ്പ് നൽകുക മാത്രമല്ല-നമ്മുടെ സ്വന്തം ജീവൻ സംരക്ഷിക്കുന്നതിനും ബാധകമാണ്. ദൈവത്തിന്റെ പദ്ധതിയിൽനിന്നും ഉദ്ദേശ്യത്തിൽനിന്നും നമ്മെ അകറ്റാൻ കഴിയുന്ന എണ്ണമറ്റ വ്യതിചലനങ്ങളും പ്രലോഭനങ്ങളും ഉണ്ട്. നാം ജാഗ്രത പാലിച്ചില്ലെങ്കിൽ വീണുപോകും. ദൈവത്തിന്റെ കാവൽക്കാരും കാവൽക്കാരികളുമാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ദൈവം നമ്മെ കാക്കാൻ വിളിച്ചിരിക്കുന്നതുപോലെ നാം യഥാർത്ഥത്തിൽ കാവൽ നിൽക്കുന്നുണ്ടോ എന്നതാണ് ഒരു നിർണ്ണായകമായ ചോദ്യം.

ജാഗ്രത, ഉണർവ്വ്, അവബോധം എന്നിവയാണ് വിശ്വസ്ത കാവൽക്കാരന്റെ ചില പ്രധാന ഗുണങ്ങൾ.

ചെറിയ മാറ്റങ്ങളോടും ചലനങ്ങളോടുപോലും സംവേദനക്ഷമത പുലർത്തുക എന്നതാണ് ജാഗ്രത.



***നമുക്കു ചുറ്റും എന്താണ് സംഭവിക്കുന്നത് എന്ന് നാം ബോധവാന്മാരാകുകയോ ജാഗ്രതയുള്ളവരാകുകയോ ചെയ്യുക***

അവബോധം എന്നാൽ നാം കാക്കുന്ന മേഖലയിലെ ശക്തി, ബലഹീനത, സാദ്ധ്യമായ ദുർബലത എന്നിവ അറിയുക എന്നാണ്.

ഉണരുക എന്നത് ഏറ്റവും പ്രധാനമായതാണ്. ഉണർന്നില്ലെങ്കിൽ ചുറ്റും സംഭവിക്കുന്നതിൽ ജാഗ്രത പാലിക്കാൻ കഴിയില്ല.

ഈ അന്ത്യകാലത്ത് ആത്മീയമായി ഉണർന്നിരിക്കാനും അവബോധവും ജാഗ്രതയുമുള്ളവരാകുവാൻ ദൈവം നമ്മെ വിളിക്കുന്നു.

## 1. പകലെ ഉറങ്ങുന്നവർ ആരാണ്?



മത്തായി 13:14-ൽ യേശുക്രിസ്തു നമുക്ക് ഉത്തരം നൽകുന്നു:

**അവർ കണ്ണു കാണാതെയും ചെവി കേൾക്കാതെയും ഹൃദയംകൊണ്ടു ഗ്രഹിക്കാതെയും...**




## വളരെ അടിയന്തരമായ അറിയിപ്പ്!

**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇവർ ഹൃദയം കഠിനമാക്കിയ ആളുകളാണ്. അവർ സ്നേഹത്തിന്റെയും പ്രത്യാശയുടെയും നീതിയുടെയും സന്ദേശം കേട്ടിട്ടുണ്ട് എങ്കിലും തങ്ങളുടെ വഴികൾ മാറ്റാൻ വിസമ്മതിക്കുന്നു. അവർ കണ്ണുകൾ അടച്ചിരിക്കുന്നു, അവർ കാണാൻ തയ്യാറല്ല എന്ന് വചനം പറയുന്നു.

ഇങ്ങനെയുള്ളവരെ യേശുക്രിസ്തു വിശേഷിപ്പിക്കുന്നത്: **ഈ ജനം അധരം കൊണ്ടു എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു.**




*ദൈവശബ്ദം കേൾക്കാൻ നാം തയ്യാറായിരിക്കണം*

നമ്മുടെ ഹൃദയം ദൈവത്തിന്റെ ശബ്ദം കേൾക്കാൻ ചായുന്നില്ല എങ്കിൽ നാം ആത്മീയമായി ഉറങ്ങുകയാണ്. ദൈവം പറയുന്നത് കേൾക്കാൻ നമുക്കു കഴിയുന്നില്ല എങ്കിൽ, ദൈവത്തിന്റെ കാര്യങ്ങൾ കേൾക്കാൻ നമുക്ക് കഴിയുന്നില്ല എങ്കിൽ നാം ആത്മീയമായി ഉറങ്ങുകയാണ്.

## 2. നാം ഉറങ്ങുമ്പോൾ എന്തു സംഭവിക്കുന്നു?

മത്തായി 13-ൽ, തന്റെ വയലിൽ നല്ല വിത്തു വിതച്ച്, അത് തന്റെ ദാസന്മാരെ സുരക്ഷിതമായി സൂക്ഷിക്കാൻ ഏൽപ്പിച്ച ഒരു ഭൂവുടമയുടെ ശക്തമായ ഉപമ നമുക്കു കാണാം. എന്നാൽ കാവൽക്കാർ ഉറങ്ങുമ്പോൾ ശത്രു നിശബ്ദമായി വന്നു ഗോതമ്പിന്റെ ഇടയിൽ കളകൾ വിതച്ചിട്ട് പൊയ്ക്കളഞ്ഞു. പിന്നീട് തൊഴിലാളികൾ ഗോതമ്പും കളകളും ഒരുമിച്ചു മുളച്ചുവരുന്നത് കണ്ടു.



*കാവൽക്കാരൻ ഉറങ്ങിയപ്പോൾ ശത്രു നിശബ്ദമായി വന്ന് ഗോതമ്പിന്റെ ഇടയിൽ കളകൾ വിതെച്ചു*

**മനുഷ്യർ ഉറങ്ങുമ്പോൾ അവന്റെ ശത്രു വന്നു, കോതമ്പിന്റെ ഇടയിൽ കള വിതെച്ചു പൊയ്ക്കളഞ്ഞു** (മത്തായി 13:25).

## 3. ഉറങ്ങിയപ്പോൾ ശത്രു കടന്നു വന്നു!

ഈ വാക്യത്തെക്കുറിച്ച് നമുക്ക് ആഴത്തിൽ ചിന്തിക്കാം. അവർ ഉറങ്ങുമ്പോൾ ശത്രു വന്നു!

രാത്രിയുടെ നിശബ്ദതയിൽ ആരാണ് പ്രവേശിച്ചത് - **ശത്രു.**

കാവൽക്കാരൻ എന്ന നിലയിൽ, നാം ഉണർന്നിരിക്കണമെന്നും ജാഗ്രത പാലിക്കണമെന്നും പ്രതീക്ഷിക്കുന്നു. നാം ആത്മീയമായി ഉറങ്ങുന്ന നിമിഷം, നമുക്ക് അവബോധം നഷ്ടപ്പെടുകയും ശത്രു നമ്മുടെ അശ്രദ്ധമായ നിമിഷങ്ങൾ മുതലെടുക്കുകയും ചെയ്യുന്നു.

**അതുകൊണ്ടാണ് തിരുവെഴുത്ത് ആവർത്തിച്ച് നമ്മെ ഇപ്രകാരം പ്രേരിപ്പിക്കുന്നത്.**

**ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ...**

- മത്തായി 26:41

**കള്ള പ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ ...**

- മത്തായി 7:15

**...സൂക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ...**

- ലൂക്കൊസ് 12:15

**പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ**

- കൊലോസ്യർ 4:2

**ഉണർന്നിരിപ്പിൻ...**

- മത്തായി 24:42

ഈ വാക്യങ്ങളെല്ലാം തന്നെ ഉണർന്നിരിക്കേണ്ടതിന്റെ ആവശ്യകതയെ ഊന്നിപ്പറയുന്നു. എന്നാൽ ഈ ഉപമയിൽ വിവരിച്ചിരിക്കുന്നതുപ്രകാരം ശത്രു അവരെ സന്ദർശിച്ച് കള വിതെച്ചത് ദാസന്മാർ ഉറങ്ങിപ്പോയപ്പോഴാണ്.

പ്രിയ സുഹൃത്തുക്കളേ, നാം അശ്രദ്ധരായിരിക്കുമ്പോഴോ നമ്മുടെ ശ്രദ്ധ വ്യതിചലിക്കുമ്പോഴോ നാം ആത്മീയമായി ഉറങ്ങുകയോ ചെയ്യുമ്പോഴാണ് ശത്രു ആക്രമിക്കാൻ ശ്രമിക്കുന്നത്. അവൻ അലറുന്ന സിംഹത്തെപ്പോലെ ചുറ്റി നടന്ന് നമ്മെ ഇടറിക്കാനും അടിക്കാനുമായുള്ള തക്ക സമയത്തിനായി കാത്തിരിക്കുന്നു. അതുകൊണ്ടാണ് നാം എപ്പോഴും ജാഗ്രത പാലിക്കണമെന്ന് വചനം പ്രബോധിപ്പിക്കുന്നത്.



*ദൈവത്തോട് ചേർന്ന് സ്ഥിരതയുള്ള നടത്തം നിലനിറുത്തുക!*

ആത്മീയമായി ഉണർന്നിരിക്കാനും ദൈവത്തിന്റെ ശബ്ദത്തോട് സംവേദനക്ഷമതയുള്ളവരായിരിക്കാനും നമുക്ക് എങ്ങനെ കഴിയും? അവനുമായി അടുപ്പവും സ്ഥിരതയുള്ളതുമായ നടത്തം നിലനിറുത്തുന്നതിലൂടെ മാത്രമാണ് അത് സാദ്ധ്യമാകുക. കർത്താവുമായുള്ള നമ്മുടെ ബന്ധം കാലഘട്ടത്തിന് അനുസൃതമായതോ പൂർണ്ണ മനസ്സുള്ളതോ ആകുന്നുവെങ്കിൽ നമുക്ക് നമ്മെയും, നമ്മുടെ കുടുംബങ്ങളെയും, നമ്മുടെ സഭകളെയും, നമ്മുടെ നഗരങ്ങളെയും, നമ്മുടെ രാഷ്ട്രങ്ങളെയും സംരക്ഷിക്കുവാൻ കഴിയുകയില്ല.

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1959

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**നവംബർ 19** ⇨ ഞങ്ങളുടെ ബഹുമുഖ പ്രവർത്തനങ്ങളെ കാത്തുപരിപാലിക്കുന്ന ദൈവകൃപക്കായി

**നവംബർ 20** ⇨ ഞങ്ങളോടുള്ള ദൈവത്തിന്റെ അചഞ്ചലമായ വാത്സല്യത്തിനും സ്നേഹത്തിനുമായി.

**നവംബർ 21** ⇨ ഞങ്ങളുടെ മാസിക 16 ഭാഷകളിൽ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിക്കാനും പ്രസിദ്ധീകരിക്കാനും മിഷൻ ഫീൽഡുകളിലേക്ക് അയക്കാനും ഞങ്ങളെ പ്രാപ്തരാക്കിയതിനായി.

**നവംബർ 22** ⇨ കഴിഞ്ഞ ഒരു മാസം ഞങ്ങളോടൊപ്പമുണ്ടായിരുന്ന ദൈവീക കൃപക്കായി.

**നവംബർ 23** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**നവംബർ 24** ⇨ ഞങ്ങളുടെ മുഖ്യ സഭയുടെ ഓഫീസ് ജോലികൾ കൈകാര്യം ചെയ്യാൻ പുതിയ വിശ്വാസികളെ ലഭിച്ചതിനായി.

**നവംബർ 25** ⇨ ഞങ്ങളുടെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**നവംബർ 26** ⇨ വൈവിധ്യമായ ശുശ്രൂഷകളിലൂടെ സുവിശേഷം പ്രചരിപ്പിക്കുവാനായുള്ള സീനിയർ പാസ്റ്ററുടെ പ്രതിബദ്ധതക്കായി.

**നവംബർ 27** ⇨ **വിളിയു**ടെ **പ്രതിധ്വനി**യുടെ എല്ലാ പ്രവർത്തനങ്ങളെയും ദൈവം നിയന്ത്രിച്ച് അനുഗ്രഹിച്ച് പരിപാലിക്കുന്നതിനായി.

**നവംബർ 28** ⇨ മുഖ്യ സഭയിലെയും ശാഖാ സഭകളിലെയും സണ്ടേസ്കൂളിന് പുതിയ കുട്ടികളെ ലഭിച്ചതിനായി.

**നവംബർ 29** ⇨ **യൂട്യൂബ് മീഡിയ ശുശ്രൂഷ**യിലൂടെ സുവിശേഷം എത്തിച്ചേരാത്തിടങ്ങളിൽ എത്തിക്കുവാൻ സഹായിച്ചതിനായി.

**നവംബർ 30** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഡിസംബർ 01** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരെയും കോഡിനേറ്റർമാരെയും അവരുടെ കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഡിസംബർ 02** ⇨ ആശുപത്രി ശുശ്രൂഷയിലൂടെ ദൈവം പ്രവർത്തിക്കുന്ന അത്ഭുതങ്ങൾക്കായി.

**ഡിസംബർ 03** ⇨ **വിളിയു**ടെ **പ്രതിധ്വനി**യുടെ മാസിക ശുശ്രൂഷയെ വിശ്വസ്തതയോടെ കൈത്താങ്ങുന്ന സമർപ്പിതരായ അസ്സോസിയേറ്റ് എഡിറ്റർമാർക്കായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ഡിസംബർ 04** ⇨ ഈ തലമുറയിലെ യുവാക്കൾക്കും കുട്ടികൾക്കും വേണ്ടി മദ്ധ്യസ്ഥത വഹിക്കുന്ന **ഗ്ലോബൽ വിഷൻ ഫോർ യൂത്ത് ആന്റ് കിഡ്സ് കെയർ** എന്ന ശുശ്രൂഷയിൽ കൂടുതൽ പേർ ചേരുവാനായി.

**ഡിസംബർ 05** ⇨ **യൂട്യൂബ് മീഡിയ ശുശ്രൂഷ**യിലൂടെ അനേകം ആത്മാക്കൾ രക്ഷിക്കപ്പെടുവാനായി.

**ഡിസംബർ 06** ⇨ മുഖ്യസഭയിലും ശാഖാ സഭകളിലുമുള്ള വിശ്വാസികളുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും ആരോഗ്യത്തിനുമായി.

**ഡിസംബർ 07** ⇨ ലോകമെമ്പാടുമുള്ള ക്രിസ്തീയ ശുശ്രൂഷകളിലും പുതിയ ഉണർവ്വ് ഉണ്ടാകുവാൻ.

**ഡിസംബർ 08** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദുഷ്ടശക്തികളിൽ നിന്നുള്ള വിടുവിക്കുവാനായി.

**ഡിസംബർ 09** ⇨ നമ്മുടെ ശുശ്രൂഷകളുടെ വികസനത്തിനും ലോകമെമ്പാടും സുവിശേഷം പ്രചരിപ്പിക്കുവാനും.

**ഡിസംബർ 10** ⇨ എല്ലാ മതവിഭാഗങ്ങളും തമ്മിലുള്ള ഐക്യത്തിനായി.

**ഡിസംബർ 11** ⇨ ലോകമെമ്പാടും പ്രകൃതിക്ഷോഭങ്ങളും ചുഴലിക്കാറ്റും ഉണ്ടാകാതിരിക്കുവാനായി.

**ഡിസംബർ 12** ⇨ ലോകമെമ്പാടുമുള്ള കൗമാരക്കാരിലും യുവാക്കൾക്കിടയിലും ആത്മഹത്യ പ്രവണത ഇല്ലാതാകുവാൻ.

**ഡിസംബർ 13** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളി**ലെയും **നെഹെമ്യ ബൈബിൾ കോളേജി**ലെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ദൈവീക സംരക്ഷണക്കായി.

**ഡിസംബർ 14** ⇨ ലോകമെമ്പാടുമുള്ള മിഷണറി പ്രവർത്തകരുടെ ദൈവീക സംരക്ഷണക്കായി.

**ഡിസംബർ 15** ⇨ നമ്മുടെ മുഖ്യസഭയിലെയും ശാഖാസഭകളിലെയും എല്ലാ അംഗങ്ങളുടെയും ആത്മീകവും ശാരീരികവുമായ ക്ഷേമത്തിനായി.

**ഡിസംബർ 16** ⇨ നമ്മുടെ ശുശ്രൂഷക്ക് അനുയോജ്യരായ ജീവനക്കാർ നിയമിക്കപ്പെടുവാൻ.

**ഡിസംബർ 17** ⇨ ജീവനക്കാരുടെയും അച്ചടിസംഘത്തിന്റെയും ദൈവീക സംരക്ഷണത്തിനും പ്രവൃത്തി സമയം ദൈവീക സുരക്ഷയ്ക്കും ആരോഗ്യത്തിനുമായി.

**ഡിസംബർ 18** ⇨ എല്ലാ രാജ്യങ്ങളും തമ്മിൽ ഐക്യവും സമാധാനവും നിലനിൽക്കുവാൻ.

## 4. 'ഇടയിൽ' എന്ന വാക്ക്!

ഈ ഭാഗത്തിലെ മറ്റൊരു ശ്രദ്ധേയമായ വിശദാംശമാണ് ഇടയിൽ എന്ന വചനം. ശത്രു എവിടെയാണ് കളകൾ വിതെച്ചത്? അകലെയല്ല, മറ്റൊരു വയലിലുമല്ല. മറിച്ച് നല്ല വിത്തിന്റെ ഇടയിലാണ്. ശത്രുവിന് തന്റെ കളകൾ എപ്പോൾ, എവിടെ നടണമെന്ന് കൃത്യമായി അറിയാം. ദൈവം നട്ടതിന്റെ നടുവിലും, വളർച്ചയുടെ അതേ സമയത്തും.

ഉപമയിൽ വിവരിക്കുന്ന വിതെക്കുന്നവന്റെ ശത്രുവിനെപ്പോലെ പ്രഹരിക്കാനുള്ള ശരിയായ നിമിഷത്തിനായി അവൻ കാത്തിരിക്കുകയായിരുന്നിരിക്കണം എന്നു ഞാൻ വിശ്വസിക്കുന്നു. വിത്തുകൾക്കിടയിൽ വളരുന്ന കളകൾ അവയുടെ ജീവൻ ശ്വാസം മുട്ടിക്കുന്നതായി നാം കാണുന്നു. കളകൾ പോഷണം ചോർത്തിക്കളയുകയും, വളർച്ചയെ തടസ്സപ്പെടുത്തുകയും ആരോഗ്യമുള്ള സസ്യങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നു. അവ കാട്ടുതീ പോലെ വേഗത്തിൽ പടരുന്നു.

അതുപോലെ നമ്മുടെ ജീവിതത്തിലും കുടുംബാംഗങ്ങൾ, സഭാംഗങ്ങൾ, സുഹൃത്തുക്കൾ, ശുശ്രൂഷാ പങ്കാളികൾ എന്നിവരിൽപോലും കളകളെ കാണാം. ഈ കളകൾ നമ്മുടെ സന്തോഷം, സമാധാനം, ആരോഗ്യം എന്നിവ കവർന്നെടുക്കാൻ ശ്രമിക്കുന്നു. കൂടാതെ അവ നുണകളിലൂടെയും വഞ്ചനയിലൂടെയും ബന്ധങ്ങളെ നശിപ്പിക്കുന്നു. അതുകൊണ്ടാണ് പിശാചിന്റെ തന്ത്രങ്ങൾ തിരിച്ചറിയാൻ നമുക്ക് വിവേചനശക്തിയുടെ ആത്മാവ് ആവശ്യമായി വരുന്നത്.




*നമ്മുടെ സന്തോഷവും സമാധാനവും ആരോഗ്യവും കള്ളൻ മോഷ്ടിക്കുന്നു*

യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ അവൻ "ജനങ്ങളുടെ ചിന്തകളെ അറിഞ്ഞിരുന്നു", അല്ലെങ്കിൽ "അവരുടെ ദുഷ്ട ചിന്തകളെ അറിയുന്നു" എന്നു തിരുവെഴുത്ത് പറയുന്നു. കാവൽക്കാർ എന്ന നിലയിൽ നാമും നമ്മെ ചുറ്റിപ്പറ്റിയുള്ളവരോടു ജാഗ്രത പാലിക്കണം. യേശുക്രിസ്തു ഇങ്ങനെ മുന്നറിയിപ്പു നൽകി: **ചെന്നായ്ക്കളുടെ നടുവിൽ ആടുകളെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു. ആകയയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ** (മത്തായി 10:16).



*പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ*

പരിശുദ്ധാത്മാവാണ് നമ്മെ സകല സത്യത്തിലും വഴിനടത്തുന്നത്. അതിനാൽ, അവന്റെ അധിവാസ സാന്നിദ്ധ്യത്തെ നാം വിലമതിക്കുകയും നമ്മെ നയിക്കാൻ അവനിൽ ആശ്രയിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. നല്ല ആളുകളുടെ ഇടയിൽ എപ്പോഴും ദുഷ്ടലക്ഷ്യമുള്ളവർ ഉണ്ടാകുമെന്ന് നാം മനസ്സിലണം. പലപ്പോഴും അവരെ വേർതിരിച്ചറിയുന്നതു എളുപ്പമല്ല എന്നു മാത്രമല്ല, അവർ നമ്മെ തെറ്റിലേക്കു വലിച്ചുകൊണ്ടു പോകുകയും ചെയ്യും. പലപ്പോഴും ദയയുള്ളവരും കരുതലുള്ളവരും അനുകമ്പയുള്ളവരുമാണ് അത്തരം ആളുകളാൽ വേദനിക്കപ്പെടുന്നത്. അതുകൊണ്ടാണ് നാം ജാഗ്രത പാലിക്കേണ്ടത്. വഞ്ചിക്കപ്പെടരുത്. ആരും നിങ്ങളെ മുതലെടുക്കാൻ അനുവദിക്കുകയുമരുത്.

## 5. അവർ വളരട്ടെ!

ഉപമയിൽ കാണുന്ന ശ്രദ്ധേയമായ കാര്യം വിത്തിന്റെയും കളയുടെയും രൂപസാദൃശ്യമാണ്. **ഞാറു വളർന്നു കതിരായപ്പോൾ കളയും കാണായ് വന്നു** എന്ന് 13:26ൽ പറഞ്ഞിരിക്കുന്നു. ഗോതമ്പിന്റെ ഞാറുകളോടു വളരെ സാമ്യമുള്ള ഈ പ്രത്യേക കളയെ "ഡാർനൽ" എന്നു വിളിക്കുന്നു. രണ്ടിന്റെയും രൂപസാദൃശ്യം നിമിത്തം ആശയക്കുഴപ്പം ഉണ്ടാകുന്നത് സ്വാഭാവികമാണ്.

കണ്ടിട്ട് അമ്പരന്നുപോയ ദാസന്മാർ യജമാനന്റെ അടുത്തു ചെന്ന് ഇങ്ങനെ ചോദിച്ചു: **യജമാനനേ, വയലിൽ നല്ല വിത്തല്ലയോ വിതെച്ചതു? പിന്നെ കള എവിടെ നിന്നു വന്നു എന്നു ചോദിച്ചു** (മത്തായി 13:27). ഉറക്കത്തിലായിരുന്ന ദാസന്മാർ ഈ കളകൾ വന്ന വഴി അറിഞ്ഞില്ല. ഈ ചോദ്യം പരിചിതമായി തോന്നുന്നില്ലേ? "എന്റെ ജീവിതത്തിൽ ഇത് എന്തുകൊണ്ടാണ് സംഭവിച്ചത്? ഇത് എവിടെ നിന്നാണ് വന്നത്?" എന്നു നാം എത്ര തവണ ദൈവത്തോടു ചോദിച്ചിട്ടുണ്ട്?

*9-ാം പേജിൽ തുടരും...*

**നെഹെമ്യ ബൈബിൾ കോളേജുകൾ**

ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

*ദൈവശാസ്ത്രത്തിൽ ഡിപ്ലോമ & ദൈവശാസ്ത്രത്തിൽ ബിരുദം*

ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)

കഴിഞ്ഞ 56 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## മുഖ്യസഭയിലെ പരിപാടികൾ

01. പ്രാർത്ഥനാ സഹായം - 24 മണിക്കൂർ
02. വിളിയുടെ പ്രതിധ്വനി, മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ
03. ബൈബിൾകോർ - പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി)
04. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ - ഇംഗ്ലീഷ്, തമിഴ്
05. നെഹെമ്യ ബൈബിൾ കോളേജ് - ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി
06. ശാഖാ സഭകൾ - സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി
07. പരമനിയോഗ ദൗത്യ പങ്കാളികൾ - പാസ്റ്റർമാരുടെ ചങ്ങല
08. ട്രെയിനിംഗ് പരിപാടികൾ - സെമിനാറുകൾ, റിട്രീറ്റുകൾ
09. ക്രൂസേഡുകൾ
10. ലഘുലേഖ വിതരണം, തുടർ നടപടികൾ
11. സുവിശേഷ അച്ചടിശാല - പ്രസിദ്ധീകരണങ്ങൾ
12. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ - ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം
13. സണ്ടേസ്കൂൾ (ചെപ്പോക്ക്) - ഞായർ രാവിലെ 10.30 മണി
    (വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം) - ഞായർ വൈകുന്നേരം 3.00 മണി
14. അതിരാവിലെ ആരാധന - ഞായർ രാവിലെ 5.30 മണി
15. പ്രാഥമിക ആരാധന - ഞായർ രാവിലെ 6.00 മണി
16. തമിഴ് ആരാധന - ഞായർ രാവിലെ 8.30 മണി
17. യുവജന കൂട്ടായ്മ - ഞായർ രാവിലെ 11.00 മണി
18. ഉച്ചഭക്ഷണ കൂട്ടായ്മ - ഞായർ ഉച്ചയ്ക്ക് 1.00 മണി
19. തെലുങ്ക് ആരാധന - ഞായർ വൈകുന്നേരം 4.00 മണി
20. ഹിന്ദി ആരാധന - ഞായർ വൈകുന്നേരം 5.00 മണി
21. ഇംഗ്ലീഷ് - ഹിന്ദി ആരാധന - ഞായർ വൈകുന്നേരം 6.00 മണി
22. പ്രതികരണ സമയം - ഞായർ വൈകുന്നേരം 7.30 മണി
23. സ്ത്രീകളുടെ പ്രാർത്ഥനായോഗം - ബുധൻ വൈകുന്നേരം 5.30 മണി
24. പുരുഷന്മാരുടെ യോഗം - വെള്ളി വൈകുന്നേരം 7.30 മണി
25. ശിഷ്യത്വ യോഗം - ശനി വൈകുന്നേരം 6.00 മണി
26. ഭവന കൂട്ടായ്മ - ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി
27. പ്രത്യേക കർതൃമേശ - എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി
28. സുവിശേഷകരുടെ അവലോകനം - ആദ്യ ശനി വൈകുന്നേരം 6.00 മണി
29. രക്ഷിതാക്കളുടെ പ്രാർത്ഥന - ആദ്യ ഞായർ വൈകുന്നേരം 4.00 മണി
30. രാത്രി പ്രാർത്ഥന - മൂന്നാം വെള്ളി രാത്രി 9.30 മണി
31. ഉപവാസ പ്രാർത്ഥന - രണ്ടാം ശനി രാവിലെ 9.30 മണി
32. കർതൃമേശ - രണ്ടാം ഞായർ ആരാധനയോടൊപ്പം
33. യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന - ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ)
34. സ്റ്റാഫുകളുടെ ധ്യാനം - ദിവസവും രാവിലെ 9.00 മണി
35. ഓഫീസ് - രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ)

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2967,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" **ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)



# എന്നെ ഒരു പാഠം പഠിപ്പിച്ച വിമാനം!

**അത്യാഗ്രഹമുള്ളവൻ വഴക്കുണ്ടാക്കുന്നു; യഹോവയിൽ ആശ്രയിക്കുന്നവനോ പുഷ്ടി പ്രാപിക്കും** – സദൃശ്യവാക്യങ്ങൾ 28:25

1970–കളിൽ, പിശാചിന്റെ പീഡനത്താൽ ബുദ്ധിമുട്ടിയിരുന്ന ഒരു ദരിദ്രയായ സ്ത്രീക്കുവേണ്ടി പ്രാർത്ഥിക്കുവാനായി നസറെത്തുപേട്ട് എന്ന ചെറിയ ഗ്രാമത്തിലേക്ക് എന്നെ ഒരു സുഹൃത്ത് കൊണ്ടുപോയി. ഡോക്ടർമാർക്ക് സുഖപ്പെടുത്തുവാൻ സാധിക്കാത്ത പലവിധമായ രോഗങ്ങളാൽ അവർ വലയുകയായിരുന്നു. വൈകുന്നേരമായതിനാൽ ഞാൻ അവിടെ താമസിച്ച് രാത്രി മുഴുവനും അവർക്കുവേണ്ടി പ്രാർത്ഥിച്ചു. ദൈവം കൃപയോടെ ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ടു, അത്ഭുതകരമായി അവരെ സൗഖ്യമാക്കി.

അടുത്ത ദിവസം പ്രഭാതത്തിൽ ഞാൻ ആ ഗ്രാമം വിട്ട് കൈവശമുണ്ടായിരുന്ന പണം കൊടുത്ത് ലളിതമായ പ്രഭാതഭക്ഷണം കഴിച്ചു. വീട്ടിലേക്കു മടങ്ങാൻ ബസ് ചാർജ് തികയുക ഇല്ലെന്ന് അപ്പോൾ മാത്രമാണ് ഞാൻ മനസ്സിലാക്കിയത്. എന്റെ കൈയ്യിൽ എപ്പോഴും കരുതിയിരിക്കുന്ന സുവിശേഷ ലഘുലേഖകൾ എടുത്ത്, വഴിയിൽ കാണുന്നവർക്ക് വിതരണം ചെയ്തു കൊണ്ട് നടക്കാൻ തുടങ്ങി. അല്പം കഴിഞ്ഞപ്പോൾ വിശപ്പും ക്ഷീണവും എന്നെ കീഴടക്കാൻ തുടങ്ങി.

പരിശുദ്ധാത്മാവ് എന്നെ വീട്ടിലേക്ക് പോകാൻ അനുവദിച്ചില്ല. പകരം താംബരത്ത് ലൈഫ്–വെ എന്ന തന്റെ പള്ളിയിലൂടെ ദരിദ്രർക്കിടയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന പാസ്റ്റർ അബേദ്-നെഗോയുടെ അടുക്കലേക്ക് നയിച്ചു. ആ സമയത്ത് പാസ്റ്റർ അബേദ്-നെഗോ, ബ്രദർ ഇമ്മാനുവേൽ (ഇപ്പോൾ കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു), ചിദംബരത്തെ ലൈഫ്–വെ എ.സി.എ. ചർച്ചിലെ പാസ്റ്റർ തോമസ്, ബ്രദർ പോലീസ് ചെല്ലദുരൈ (ഇപ്പോൾ അമേരിക്കയിലെ പ്രശസ്ത ദൈവദാസൻ) എന്നിവർ ഉപവാസ പ്രാർത്ഥന നടത്തുകയായിരുന്നു.

പ്രാർത്ഥന അവസാനിച്ചപ്പോൾ പാസ്റ്റർ അബേദ്-നെഗോയുടെ ഭാര്യ എനിക്ക് വിശക്കുന്നു എന്നു മനസ്സിലാക്കി ഭക്ഷണം വിളമ്പി തന്നു. അതേസമയം ബ്ര. പോലീസ് ചെല്ലദുരൈ, വിമാനത്താവളത്തിൽ ഡ്യൂട്ടിക്കായി റിപ്പോർട്ട് ചെയ്യാനുള്ള തിടുക്കത്തിൽ, എന്നെ അനുഗമിക്കാൻ ക്ഷണിച്ചു. കുറച്ചു വിമാനങ്ങൾ അടുത്തുചെന്നു കാണുവാനായി എന്നെ വിമാനത്താവളത്തിനുള്ളിൽ കൊണ്ടുപോകാമെന്ന് അദ്ദേഹം പറഞ്ഞു. ശുശ്രൂഷയുടെ ഭാരം എന്നെ തളർത്താതിരിക്കാനും പകരം പുതിയ എന്തെങ്കിലും കാണുന്നതിൽ സന്തോഷവും ഉന്മേഷവും കണ്ടെത്താനും എന്നെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം.

### അറ്റകുറ്റപ്പണികൾ നടക്കുന്ന വിമാനം!

അവിടെ ആ വിമാനത്താവളത്തിൽ സാങ്കേതിക തകരാർ സംഭവിച്ചതിനാൽ യാത്രക്കാരെ ഇറങ്ങാൻ ആവശ്യപ്പെട്ട ഒരു വിമാനം ഞാൻ കണ്ടു. മിനിറ്റുകൾക്കുള്ളിൽ വിദഗ്ധരെ വിളിച്ചുവരുത്തി പ്രശ്നം പരിഹരിക്കുവാൻ ശ്രമിച്ചു എങ്കിലും അവർക്കു കഴിഞ്ഞില്ല. താമസിയാതെ മറ്റു സ്ഥലങ്ങളിൽ നിന്നുള്ള എഞ്ചിനിയർമാരെ കൊണ്ടുവന്ന് വിമാനത്തിന്റെ തകരാറ് ശരിയാക്കുവാൻ ചെയ്യുന്ന കഠിന പ്രയത്നം കണ്ടു ഞാൻ അത്ഭുതപ്പെട്ടു.

അതിനിടയിൽ കാത്തിരുന്ന യാത്രക്കാരുടെ ക്ഷമ നഷ്ടപ്പെട്ടു. അവർ യാതൊരു കാരണവശാലും തകരാർ പരിഹരിച്ചുകൊണ്ടിരിക്കുന്ന വിമാനത്തിൽ യാത്ര ചെയ്യുകയില്ല എന്ന് പറഞ്ഞ് അവർ ആക്രോശിക്കുവാനും നിന്ദ്യമായി സംസാരിക്കുവാനും തുടങ്ങി.

ഒടുവിൽ, മൂന്നു മണിക്കൂറുകൾക്കുശേഷം വിമാനം ടേക്ക് ഓഫ് ചെയ്യാൻ എഞ്ചിനിയർമാർ അനുയോജ്യമാക്കി. കത്തുന്ന വെയിലിൽ കാത്തിരുന്ന എല്ലാ പ്രായത്തിലുമുള്ള യാത്രക്കാർ വിമാനത്തിൽ കയറാൻ തുടങ്ങി. ഞാനും അവരുടെ ഇടയിൽ നിൽക്കുന്നതിനാൽ എന്നെയും കയറാൻ നിർബന്ധിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടു.

അപ്പോൾ, വിമാനം എങ്ങനെയാണ് നീങ്ങുന്നതെന്ന് നിരീക്ഷിക്കുവാൻ പരിശുദ്ധാത്മാവ് എന്നെ പ്രേരിപ്പിച്ചു. ഒരിക്കൽ അനുയോജ്യമല്ല എന്നു കരുതിയ അതേ വിമാനം റൺവേയിലൂടെ പതുക്കെ ഓടാൻ തുടങ്ങി, പിന്നീട് വേഗത കൂട്ടി. നിമിഷങ്ങൾക്കുള്ളിൽ, അത് അതിശക്തമായ ശക്തിയോടെ വേഗത കൂട്ടി, ആകാശത്തിലേക്ക് ഉയർന്നു പൊങ്ങി പറക്കാൻ തുടങ്ങി. മണിക്കൂറുകളോളം പറക്കാൻ യോഗ്യമല്ല എന്നു കരുതിയ വിമാനം പെട്ടെന്ന് അതിന്റെ വഴിയിൽ ശക്തമായി ഉയർന്നു പറന്നു.

### ദൈവം എന്നോടു സംസാരിച്ചു!

എന്റെ മകനായ സാം, ഇന്നു നീ ഉപേക്ഷിക്കപ്പെട്ടവനായും, തള്ളിക്കളഞ്ഞവനായും, ഉപയോഗശൂന്യമായ ഒരു പാത്രമായും കണക്കാക്കപ്പെട്ടേക്കാം. എന്നാലും ലക്ഷ്യസ്ഥാനത്തിലേക്ക് എത്തിച്ചേരാൻ വിശ്വാസത്തിന്റെ ഒരു നീണ്ട പാതയിലൂടെ നടക്കണം. അറ്റകുറ്റപ്പണികൾ നടത്തുന്ന വിമാനം പോലെ നിങ്ങളും പുനഃസ്ഥാപിക്കപ്പെടുകയും യോഗ്യരാക്കപ്പെടുകയം വേണം. മുമ്പെ തന്നെ

നിശ്ചയിക്കപ്പെട്ട സമയത്ത്, എന്റെ സമയത്ത്, ഞാൻ നിങ്ങളെ അനുഗ്രഹിക്കും. ആ വിമാനം നിരവധി ആളുകളെ വഹിച്ചുകൊണ്ടുപോയതുപോലെ, ഞാൻ നിങ്ങളെ അനേകർക്ക് അനുഗ്രഹത്തിന്റെ ഒരു പാത്രമാക്കും. ഭയപ്പെടേണ്ട, കാരണം ഞാൻ നിങ്ങളോടൊപ്പമുണ്ട്.

ഏകദേശം 20 കിലോമീറ്റർ നടന്ന് ഞാൻ എന്റെ സ്ഥലത്ത് മടങ്ങിയെത്തി. ഇന്ന് ചിന്തിക്കുമ്പോൾ, അന്നത്തെ ആ ദുഷ്കരമായ ദിവസത്തിൽ കർത്താവ് എന്നോടു പറഞ്ഞ വാക്കുകൾ നിറവേറി എന്ന് എനിക്കു സാക്ഷ്യപ്പെടുത്തുവാൻ കഴിയും.

പ്രിയ സുഹൃത്തുക്കളേ, ദാരിദ്ര്യം, എതിർപ്പ്, അല്ലെങ്കിൽ ജീവിതഭാരങ്ങൾ എന്നിവയാൽ നിങ്ങൾ ക്ഷീണിതരായിപ്പോകാറുണ്ടോ? ഭയപ്പെടേണ്ട, ദൈവത്തിന്റെ വചനത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

**നിങ്ങളോ യഹോവയുടെ പുരോഹിതന്മാർ എന്നു വിളിക്കപ്പെടും;**
**നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷകന്മാർ എന്നും നിങ്ങൾക്കു പേരാകും;**
**നിങ്ങൾ ജാതികളുടെ സമ്പത്തു അനുഭവിച്ചു,**
**അവരുടെ മഹത്വത്തിന്നു അവകാശികളായിത്തീരും** - യെശയ്യാവ് 61:6

*************

6-ാം പേജിന്റെ തുടർച്ച...

എന്തുകൊണ്ടാണ് ഇത് എനിക്കു സംഭവിക്കുന്നത്?

യജമാനൻ വിത്തുകൾ വിതയ്ക്കുകയല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ല എന്നുള്ളത് അവർക്കു മനസ്സിലായില്ല. ദൈവം ഏറ്റവും നല്ലതാണ് നമുക്കു ചെയ്യുന്നത്. ചിലപ്പോൾ തോന്നുകയില്ല എങ്കിലും. അവൻ നമുക്ക് മുകളിൽ നിന്നുള്ള സമ്മാനങ്ങൾ നൽകുന്നു:

**എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽനിന്നു ഇറങ്ങിവരുന്നു** (യാക്കോബ് 1:17).

യജമാനന്റെ മറുപടി വളരെ ലളിതമായിരുന്നു. "അവയും വളരട്ടെ".



*യജമാനന്റെ മറുപടി :*
*'അവയും വളരട്ടെ'*

ദൈവത്തിന് ഇഷ്ടമില്ലാത്ത ജീവിതം നയിക്കുന്നവർ, പൂർണ്ണ ഹൃദയത്തോടെയും പൂർണ്ണമനസ്സോടെയും പൂർണ്ണആത്മാവോടെയും അവനെ സേവിക്കുന്നവരേക്കാൾ ഭാഗ്യവാന്മാരായി കാണപ്പെടുന്നത് എന്തുകൊണ്ടാണെന്ന് ചിലപ്പോഴൊക്കെ നാം ചിന്തിക്കാറുണ്ട്. ദൈവത്തിന്റെ മകൻ എന്ന നിലയിൽ ഞാൻ കഷ്ടതയോടെ ജീവിക്കുമ്പോൾ, ഒരു ധാർമ്മികതയുമില്ലാതെ ജീവിക്കുന്നവർ ആസ്വദിച്ച് ജീവിക്കുന്നതായി തോന്നുന്നതെന്തുകൊണ്ട്? ഉത്തരം വ്യക്തമാണ്. അവർ വളരട്ടെ.

ദൈവം കരുണയുള്ളവനാണ്. അവന്റെ കൃപ നമ്മുടെ ഭാവനയ്ക്ക് അപ്പുറത്തേക്ക് വ്യാപിക്കുന്നു. അവൻ ജനങ്ങൾക്ക് മാറുവാനുള്ള സമയവും അവസരവും നൽകുന്നു. നീതിമാന്മാരുടെയും നീതികെട്ടവരുടെയും മേൽ അവൻ സൂര്യനെ പ്രകാശിപ്പിക്കുന്നു. എന്നാൽ "കൊയ്ത്തുകാലത്ത്" എല്ലാം വെളിച്ചത്തുവരും.

## 6. കൊയ്ത്തിന്റെ സമയത്തിൽ!

ഗോതമ്പിന്റെ ഇടയിൽ നിന്നും കളകൾ പറിച്ചുകളയാൻ ദാസന്മാർ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ "വേണ്ട" എന്ന് യജമാനൻ പറഞ്ഞു. രണ്ടും ഒരുമിച്ചു വളർന്നു വന്നപ്പോൾ വലിയ വ്യത്യാസമൊന്നും കണ്ടില്ല. എന്നിരുന്നാലും ഗോതമ്പും കളകളും വിളവെടുപ്പിനെ അഭിമുഖിക്കുന്ന ദിവസം വരുമെന്ന് നാം ഓർക്കണം-ന്യായവിധി ദിവസം. അപ്പോൾ നാം ന്യായവിധിക്കായി സിംഹാസനത്തിനു മുമ്പിൽ നിൽക്കുമ്പോൾ വ്യത്യാസം വെളിപ്പെടും.

യജമാനൻ പ്രഖ്യാപിച്ചു:

**രണ്ടുംകൂടെ കൊയ്ത്തോളം വളരട്ടെ; കൊയ്ത്തു കാലത്തു ഞാൻ കൊയ്യുന്നവരോടു മുമ്പെ കളപറിച്ചു കൂട്ടി ചുട്ടുകളയേണ്ടതിന്നു കെട്ടുകളായി കെട്ടുവാനും കോതമ്പു എന്റെ കളപ്പുരയിൽ കൂട്ടിവെപ്പാനും കല്പിക്കും എന്നു പറഞ്ഞു** (മത്തായി 13:30).

അപ്പോൾ, ഇന്ന് നാം സ്വയം ചോദിക്കേണ്ട ചോദ്യം ഇതാണ്: നാം ഏതു കെട്ടിലാണ് ഉള്ളത്?

ദൈവം നമ്മെ അത്രയധികം ആഴത്തിൽ സ്നേഹിക്കുന്നതിനാൽ നിത്യമരണത്തിനായുള്ള കെട്ടിൽ നാം അകപ്പെടുവാൻ ആഗ്രഹിക്കുന്നില്ല-**തീച്ചൂളയിൽ ഇട്ടുകളകയും, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും** (മത്തായി 13:42). അതുകൊണ്ടാണ് യേശുക്രിസ്തു നമ്മുടെ പാപങ്ങൾ, ശാപങ്ങൾ, രോഗങ്ങൾ, നിരാശ, ശൂന്യത എന്നിവ കാൽവരിയിലെ കുരിശിൽ വഹിക്കുവാനായി ഈ ലോകത്തിലേക്കു കടന്നു വന്നത്. അവൻ നമുക്കുവേണ്ടി മരിച്ചു. മരണത്തിനു അവനെ പിടിച്ചുനിർത്താൻ കഴിയാത്തതിനാൽ മൂന്നാം ദിവസം അവൻ ഉയിർത്തെഴുന്നേറ്റു താൻ ഒരു ജയാളിയേക്കാൾ കൂടുതലാണെന്ന് അവൻ തെളിയിച്ചു.

യേശുക്രിസ്തു വാഗ്ദാനം ചെയ്തതുപോലെ ലോകത്തെ ന്യായം വിധിക്കാൻ രാജാക്കന്മാരുടെ രാജാവ് വീണ്ടും വരും. നിത്യശിക്ഷയിൽനിന്നും രക്ഷപ്പെടാനുള്ള ഏക മാർഗ്ഗം യേശുക്രിസ്തുവിനെ നമ്മുടെ രക്ഷകനായി അംഗീകരിക്കുക, അവനെ നമ്മുടെ ജീവിതത്തിന്റെ കർത്താവായി പ്രഖ്യാപിക്കുക, അവന്റേതായിരിക്കുക എന്നതാണ്. അതു മാത്രമാണ് ഒരേ ഒരു പോംവഴി.

വേദപുസ്തകം പറയുന്നു:

**അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ** (മത്തായി 3:43).

നാം അവനുവേണ്ടി പ്രകാശിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

യഥാർത്ഥ ചോദ്യം ഇതാണ്: നാം അവനുവേണ്ടി പ്രകാശിക്കാൻ തയ്യാറാണോ? നമ്മൾ ഗോതമ്പാണോ അതോ കളകളാണോ? നാം ഉണർന്നിരിക്കുകയാണോ, അതോ ഉറങ്ങുകയാണോ?

**********

**അറിയിപ്പ്**

**(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.**

**-എഡിറ്റർ**

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
Please subscribe

Kindly view and subscribe our Echo of His Call YouTube Channel when you get time. Thanks.

- Editor

## OUR BANK DETAILS:

### 1. Bank : State Bank of India

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : S. Sam Selva Raj |
| A/C No. | : 1023 2934 679 |
| IFSC | : SBIN 00 00 249 |

SWIFT CODE : SBI NIN BB 455

### 2. Bank : ICICI Bank

| | |
|---|---|
| Branch | : Anna Salai, Chennai-6 |
| Name | : Echo of His Call |
| A/C No. | : 6038 0502 2319 |
| IFSC | : ICIC 000 6038 |

### 3. Bank : State Bank of India

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : Echo of His Call Educational Trust |
| A/C No. | : 1023 2923 805 |
| IFSC | : SBIN 00 00 249 |

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/– രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/– രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"**
**on 4th NOVEMBER 2025.**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

*JESUS LOVES YOU!*

To

GOD BLESS YOU!

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**